LIBRARY ARCHIVES Kerala Legislative Assembly

മദ്യ വിപണന മേഖലയിലെ സെയിൽസ് പ്രൊമോഷൻ ജീവനക്കാർ

113 (1980) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യ വിപണന മേഖലയിൽ മദ്യ കമ്പനികളുടെ ഉല്പന്നങ്ങൾ പ്രൊമോട്ട് ചെയ്യുന്ന എത്ര സെയിൽസ് പ്രൊമോഷൻ ജീവനക്കാരുണ്ട് ;

(ബി) പുതിയ മദ്യനയം നടപ്പാക്കുന്നതിന്റെ ഭാഗമായി സെയിൽസ് പ്രൊമോഷൻ ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെടുന്ന സെയിൽസ് പ്രൊമോഷൻ ജീവനക്കാരെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ ?

ഉത്തരം

(എ) മദ്യ വിപണന മേഖലയിൽ മദ്യ കമ്പനികളുടെ ഉൽപ്പന്നങ്ങൾ പ്രൊമോട്ട് ചെയ്യുന്ന സെയിൽസ് പ്രൊമോഷൻ ജീവനക്കാരുടെ വിവരങ്ങൾ എക്സൈസ് വകുപ്പിന് ലഭ്യമല്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

മദ്യ നിരോധനം-തൊഴിലാളികളുടെ പുനരധിവാസം

114 (1981) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മദ്യ നിരോധനത്തെ തുടർന്ന് ബീവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ പൂട്ടുമ്പോൾ തൊഴിലാളികളെ എപ്രകാരം പുനരധിവസിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; ഇതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

2014-15 ലെ മദ്യനയ പ്രകാരം ബിവറേജസ് കോർപ്പറേഷന്റെ 34 ചില്ലറ വില്പനശാലകൾ അടച്ചു പൂട്ടിയതുമൂലം ടി വില്പനശാലകളിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾ ഉൾപ്പെടെയുള്ള ജീവനക്കാരെ ജീവനക്കാർ കുറവുള്ള മറ്റ് ഷോപ്പുകളിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷനിലെ തൊഴിലാളികളുടെ പുനരധിവാസം സംബന്ധിച്ച് പ്രത്യേക പദ്ധതികൾ ഒന്നും രൂപീകരിച്ചിട്ടില്ല